# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 51/2021 (ചൊവ്വാഴ്ച)** **തീയ്യതി: 29.06.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 30.06.2021 | 01.07.2021 | 02.07.2021 | 03.07.2021 | 04.07.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 10 | 20 | 20 | 10 | 10 |
| ഉയർന്ന താപനില (ºC) | 31 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (ºC) | 24 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 8 | 10 | 10 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 5 | 6 | 8 | 7 | 7 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യത . കൂടിയ താപനില 32ºC വരെയും കുറഞ്ഞ താപനില 23ºC വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: മഴ മറകളിലും പോളിഹൗസുകളിലുമുള്ള അമിത ജലാംശം രോഗ സാധ്യത കൂട്ടുന്നതിനാൽ നിയന്ത്രിതമായ അളവിൽ നന തുടരുന്നതാണ് ഉചിതം.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| വാഴ | തടതുരപ്പൻ വണ്ട് | തടതുരപ്പൻ വണ്ടിനെതിരെ വാഴത്തട കഷണങ്ങളിൽ ബ്യുവേറിയ പുരട്ടി കൃഷിയിടത്തിൽ പല ഭാഗങ്ങളിൽ വച്ച് കെണികൾ ഒരുക്കുക. ഗുരുതരമായ ആക്രമണമാണെങ്കിൽ ക്ലോർപൈറിഫോസ് (2.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ക്വിനാൽഫോസ് (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) ഇലക്കവിളുകളിൽ തളിച്ചുകൊടുക്കുക. |
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം | ഞാറ്റടിയിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം കാണാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഞാറു പറിച്ചു നടുമ്പോൾ ഞാറുകൾ സ്യുഡോമോണാസ് |

| | | |
|---|---|---|
| | | 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയ ലായനിയിൽ മുക്കി വച്ച ശേഷം നടുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. ഞാറു പറിച്ചു നട്ടതിനു ശേഷം നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. |
| ജാതി | ഇലകൊഴിച്ചിൽ രോഗം | മഴക്കാലത്തു ജാതിയിൽ ഇലകൊഴിച്ചിൽ രോഗം വരൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. |
| വഴുതനവർഗ്ഗ വിളകൾ | വളപ്രയോഗം | വഴുതന വർഗ്ഗ വിളകളിൽ (വഴുതന, തക്കാളി, മുളക്) നട്ടു ഒരു മാസത്തിനു ശേഷം ഒരു സെന്റിന് 170 ഗ്രാം യൂറിയ, 80 ഗ്രാം പൊട്ടാഷ് എന്നിവ മേൽവളമായി നൽകാവുന്നതാണ്. |